# 2012ലെ സംഭവവികാസങ്ങളെ വിലയിരുത്തുന്നു

2012 (1433–1434 ഹിജ്റ)

**(Extract from Appraisal of Events 2012 by the Head of the Jamaat-Ul-Sahih-Al-Islam Munir Ahmad Azim Khalifathullah, Mujaddid, Masih Mauod and Muhiyiddim of the 15th Century Hijira)**

ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ بِمَا كَسَبَتْ أَيْدِي النَّاسِ لِيُذِيقَهُمْ بَعْضَ الَّذِي عَمِلُوا لَعَلَّهُمْ يَرْجِعُونَ

**''മനുഷ്യന്റെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ (ദുഷ്കൃത്യങ്ങളിൽ നിന്ന്) മടങ്ങുന്നതിനുവേണ്ടി.'' 30 : 42**

എന്റെ പ്രിയ സഹോദരന്മാരെ സഹോദരിമാരെ,

ലോകത്ത് സംഭവിക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് കുറേനാളായി ഞാൻ നിങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം മുതൽ ഞാൻ നിങ്ങളോട് പറയുന്നുണ്ടായിരുന്നു വൈറസിന്റെ പെട്ടന്നുള്ള ആക്രമണത്തെക്കുറിച്ച്; അതുപലെ സമ്പദ് വ്യവസ്ഥ താറുമാറുകുന്നതിനെക്കുറിച്ചും. യൂറോയുടെ പതനത്തെക്കുറിച്ചും. ഈ എല്ലാ പ്രവചനങ്ങളും സത്യമായി പുലർന്നിരിക്കുകയാണ്. ഈ വിപത്തുകൾ ലോകത്തെ പിടികൂടുമ്പോൾ നാം സന്തോഷിക്കുന്നില്ല. എന്നാൽ മാനവകുലം പൊയ്ദൈവങ്ങളെ ഉപേക്ഷിക്കുകയും ഏകദൈവത്തെ മുറുകെപിടിക്കുകയുമാണ് ഈ പ്രതിസന്ധികൾക്ക് പരിഹാരമായി ചെയ്യേണ്ടത്. എന്നാൽ ഇന്ന് മാനവരാശി ഈ ലോകത്തെ അവന്റെ ദൈവമാക്കി മാറ്റിയിരിക്കുകയാണ്. ആത്മീയതയെ അവൻ നിസ്സാരമായി, വിലകുറച്ച് കാണുകയും ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു.

കൊടിയ വിഷമുള്ള അജ്ഞാത ഇനത്തിൽപ്പെട്ട ചിലന്തിയുടെ പുതിയ വൈറസുകൾ, ലോകത്ത് പ്രത്യക്ഷമായി പ്രത്യേകിച്ച് അമേരിക്കയിലും ഇന്ത്യയിലും; ഓരോ ദിനം കടന്നുപോകുന്തോറും നാം കാണുന്നത് ക്രമസമാധാന ലംഘനങ്ങളും സംഘട്ടനങ്ങളും ആഭ്യന്തര യുദ്ധങ്ങളുമാണ്. പ്രത്യേകിച്ച് മുസ്ലിം രാജ്യങ്ങളിലും യൂറോപ്പിലും. അമേരിക്കയും ഇതിൽനിന്ന് ഒഴിവല്ല. അവിടെ നാം കാണുന്നത് കൂട്ടക്കൊലകളും കുത്തിമുറിവേല്പ്പിക്കലും കുട്ടികളെ അധാർമ്മികമായ നിലയിൽ ഉപയോഗിക്കലും, സ്ത്രീകളെ ചതിച്ചോ, ബലംപ്രയോഗിച്ചോ തട്ടിക്കൊണ്ടുപോകലും, കൊലകളും, മറ്റും മറ്റുമാണ്. അവിടെ ഉണ്ടായ മറ്റു ദുരന്തങ്ങൾ നിശ്ചയമായും മറക്കാറായിട്ടില്ല. അതിന് നാം ഇട്ടിരിക്കുന്ന പേര് പ്രകൃതി ദുരന്തങ്ങളെന്നാണല്ലോ.

ഈ സംഭവങ്ങളെല്ലാം മൂലം ഈ താല്ക്കാലിക ലോകത്തെ ചിന്നഭിന്നമാക്കുകയാണ്. കാലാവസ്ഥയ്ക്ക് അനസ്യൂതം വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നു; കാലാവസ്ഥ പഴയപടി നിലനില്ക്കുന്നില്ല; ഉഷ്ണകാലം, ശൈത്യകാലം പോലെയും ശൈത്യകാലം ഉഷ്ണകാലം പോലെയുമായിരിക്കുന്നു. സർവ്വനാശത്തിന്റെ ഗർത്തത്തിലേക്ക് ഭൂലോകം വഴുതിവീണുകൊണ്ടിരിക്കുകയാണ്. ഇതിന് പഴി ചാരേണ്ടത് നാം നമ്മേത്തന്നെയാണ്. അല്ലാഹു (ത) അവന്റെ മേൽപ്പറഞ്ഞ വചനത്തിലൂടെ പറഞ്ഞിരിക്കുന്നു ''അവൻ സമ്പാദിച്ചത് മാത്രമാണ് അവന് ലഭിക്കുന്നത്'' അഴിമതിയും അത്യാപത്തുകളും മനുഷ്യൻ സ്വയം സൃഷ്ടിക്കുന്നതാണ്. അത് ദൈവം സൃഷ്ടിക്കുന്നതല്ല. അങ്ങനെ അവന്റെ ദുർവൃത്തിയുടെ പരിണതഫലം നിശ്ചയമായും അവന്റെമേൽ ദൈവീക കോപമായി അവന്റെ തന്നെ ചുറ്റുപാടിൽ പെയ്തിറങ്ങുന്നു. ഇന്ന് നമുക്ക് ലോകത്തെ മൊത്തത്തിൽ പറയാൻ കഴിയും ഒരുവന്റെ ചുറ്റുപാടുമുള്ള സ്ഥലമാണെന്ന്. ആഗോളവൽക്കരണത്തിലൂടെ, സാങ്കേതിക മികവിൽ, മനുഷ്യൻ ഭൗതികപുരോഗതിയുടെ ഉത്തുംഗതയിൽ വിരാചിക്കുന്നു എന്ന് നിശ്ചയമായും പറയാൻ കഴിയും. എന്നാൽ ആത്മീയ വിഷയത്തിൽ അവൻ പിന്നോക്കം പോയിരിക്കുന്നു. ആഗോളവൽക്കരണത്തിലൂടെയും, ഇന്റർനെറ്റ് സംവിധാനത്തിലൂടെയും ലോകത്തുള്ള ഏതൊരു മനുഷ്യനുമായും ഏത് സമയത്തും ബന്ധപ്പെടുവാനുള്ള അവസരം അവൻ കൈക്കലാക്കിയിരിക്കുന്നു. എന്നാൽ അവൻ ദൈവവുമായുള്ള ബന്ധം സ്വയം വിഛേദിച്ചിരിക്കുകയാണ്. അവന്റെ ബുദ്ധി വൈഭവത്തെ കമ്പോളവത്കരണത്തിന്റെ തുച്ഛവിലയ്ക്ക് വിറ്റിരിക്കുകയാണ്. ഈ ക്ഷണികമായ ലോകം ശാശ്വതമാണെന്ന് അവൻ വിചാരിക്കുന്നു. ആയതിനാൽ നിയമവിരുദ്ധമായ എല്ലാ സുഖഭോഗങ്ങളിലേക്കും അവൻ തിരിയുന്നു. അനുവദനീയമായ എല്ലാ പരിധികളും ലംഘിക്കുന്നു. അല്ലാഹുവിന്റെ സാന്നിദ്ധ്യത്തിൽ നിന്ന് അവൻ മോചനം നേടുന്നു.

ഇപ്പോൾ നാം ഈ ലോകത്തേക്ക് തിരിഞ്ഞു നോക്കുകയാണെങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് പലനിലയിലും അതിനെ നശിപ്പിക്കപ്പെട്ടിരിക്കുന്നതായി കാണാം. അത് പ്രകൃത്യാഉള്ളതാണെങ്കിലും ശരി. മനുഷ്യനിർമ്മിതമാണെങ്കിലും ശരി. അവൻ വിതച്ചതാണ് അവൻ കൊയ്യുന്നത്. അവൻ ദൈവത്തെ മറന്നു. അതിന്റെ പേരിൽ ദൈവം അവനെ ശിക്ഷിക്കുന്നു. അത് ദൈവം ക്രൂരനായതുകൊണ്ടല്ല. മറിച്ച് അവന്റെ കാരുണ്യത്തിന്റെ പ്രകടനമാണ് ഈ അവസ്ഥയിലൂടെ പ്രകടമാക്കുന്നത്; അതിലൂടെ മനുഷ്യൻ തന്റെ ഭ്രാന്തമായ അവസ്ഥയിൽ നിന്ന് ഉണരുകയും തന്റെ തെറ്റുകൾ മനസ്സിലാക്കുകയും തന്റെ സൃഷ്ടാവിനെ ആരാധിക്കുന്നതിലേക്ക് തിരിയുന്നതിനുംവേണ്ടി.

Translated by,

R. Jamaludin Raother — Amir